


# കേരളീയ കുടുംബങ്ങളിലെ തിരുഹൃദയ ഭക്തിയുടെ ആത്മീയസാരം

കേൾക്കാൻ
QR Code സ്കാൻ ചെയ്യുക



**ബിഷപ് ഡെന്നിസ് കുറുപ്പശ്ശേരി**
കണ്ണൂർ രൂപതാ സഹായമെത്രാൻ

**കേ**രളത്തിലെ ക്രൈസ്തവ ആത്മീയതയുടെ ഹൃദയസ്പന്ദനമായി യേശുവിന്റെ തിരുഹൃദയം നിലകൊള്ളുന്നു. യേശുവിന്റെ തിരുഹൃദയം ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹത്തിന്റെയും കരുണയുടെയും പ്രതീകമാണ്. കുരിശിൽ കുത്തിത്തുറക്കപ്പെട്ട യേശുവിന്റെ ഹൃദയത്തിൽ നിന്നൊഴുകിയ രക്തവും വെള്ളവും മനുഷ്യരോടുള്ള ദൈവത്തിന്റെ അനന്തകാരുണ്യത്തെ സഭ കാണിച്ചുതരുന്നു (യോഹ 19:34). അതു കൊണ്ടുതന്നെ തിരുഹൃദയ ഭക്തി ഒരു സാധാരണ ഭക്താനുഷ്ഠാനം മാത്രമല്ല; പാപത്തിൽ നിന്ന് മനുഷ്യനെ ദൈവസ്നേഹത്തിലേക്ക് നയിക്കുന്ന ആത്മീയ പാതയാണ്.

''കർത്താവിനെ ഭയപ്പെടുന്നവർ ഹൃദയം ഒരുക്കിവയ്ക്കും''. (പ്രഭാ 2:17)

കേരളത്തിലെ അനേകം ക്രൈസ്തവ കുടുംബങ്ങളിൽ ഈ ഭക്തി തലമുറകളായി കൈമാറപ്പെട്ടുവരുന്നു. കണ്ണൂർ രൂപത ഇവിടെയുള്ള ക്രൈസ്തവ സാന്നിധ്യത്തിന്റെ 525-ാം വർഷം ആചരിക്കുകയാണ്. ചെറുപ്പം മുതലേ മാതാപിതാക്കളുടെ പ്രാർത്ഥനാ ജീവിതവും തിരുഹൃദയ ഭക്തിയും കണ്ടു വളരുന്ന കുട്ടികൾക്ക് വിശ്വാസം ജീവിതത്തിന്റെ സ്വാഭാവിക ഘടകമായി മാറുന്നു. അമ്മമാർ കുഞ്ഞുങ്ങളെ യേശുവിന്റെ തിരുഹൃദയ രൂപത്തിന്റെ മുൻപിൽ നിർത്തി ആദ്യമായി കുരിശുവരപ്പിക്കുന്നതും 'തമ്പായി' എന്ന് പഠിപ്പിക്കുന്നതും കേരളീയ ക്രൈസ്തവ കുടുംബങ്ങളുടെ ഹൃദയസ്പർശിയായ വിശ്വാസക്കാഴ്ചകളാണ്. ഇന്നും പല വീടുകളിലും ഇത് സാധാരണ അനുഭവമായി തുടരുന്നു.

കേരളത്തിലെ ക്രൈസ്തവ വിശ്വാസജീവിതത്തിൽ തിരുഹൃദയ ഭക്തിക്ക് അതുല്യമായ സ്ഥാനമുണ്ട്. വീടുകളിൽ തിരുഹൃദയ രൂപം സ്ഥാപിക്കുക, കുടുംബപ്രാർത്ഥന നടത്തുക, ആദ്യ വെള്ളിയാഴ്ച തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുക എന്നിവ വിശ്വാസത്തിന്റെ ജീവിച്ചിരിക്കുന്ന അടയാളങ്ങളാണ്. കുടുംബാംഗങ്ങൾ ഒന്നിച്ചുകൂടി നടത്തുന്ന ജപമാലയും പ്രാർത്ഥനയും കുടുംബ ബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുകയും പരസ്പര സ്നേഹവും ക്ഷമയും വളർത്തുകയും ചെയ്യുന്നു. അതിനാൽ തിരുഹൃദയ ഭക്തി വ്യക്തിയുടെ ആത്മീയ വളർച്ചയ്ക്കൊപ്പം കുടുംബജീവിതത്തെയും സമൂഹജീവിതത്തെയും രൂപാന്തരപ്പെടുത്തുന്ന ആത്മീയ ശക്തിയായി മാറുന്നു.

**തിരുഹൃദയ ഭക്തി;**
**വേദഗ്രന്ഥ പശ്ചാത്തലത്തിൽ**

വേദഗ്രന്ഥ പശ്ചാത്തലത്തിൽ തിരുഹൃദയത്തിന് വളരെ വലിയ പ്രാധാന്യമുണ്ട്. മനുഷ്യന്റെ ബാഹ്യ പ്രകടനങ്ങളേക്കാൾ ഹൃദയത്തെയാണ് ദൈവം ശ്രദ്ധിക്കുന്നത്. അതുകൊണ്ടുതന്നെ യേശുവിന്റെ തിരുഹൃദയ ഭക്തി ദൈവത്തിൽ പൂർണമായി ആശ്രയിച്ചുള്ള ഒരു ജീവിതത്തിലേക്ക് നമ്മെ നയിക്കുന്നു.

ജെറെമിയാ പ്രവാചകൻ പറയുന്നു: ''മനുഷ്യനെ ആശ്രയിക്കുകയും ശരീര ശക്തിയെ അവലംബമാക്കുകയും ചെയ്ത് കർത്താവിൽനിന്ന് ഹൃദയം തിരിക്കുന്നവൻ ശപ്തൻ'' (ജെറെ 17:5). എന്നാൽ, ''കർത്താവിൽ ആശ്രയിക്കുന്നവൻ അനുഗ്രഹീതൻ; അവന്റെ പ്രത്യാശ അവിടുന്നുതന്നെ'' (ജെറെ 17:7) എന്നും തിരുവചനം പഠിപ്പിക്കുന്നു. ഇതിലൂടെ യേശുവിന്റെ തിരുഹൃദയം നമ്മെ പഠിപ്പിക്കുന്നത്, ജീവിതത്തിന്റെ അടിത്തറ ദൈവത്തിൽ സ്ഥാപിക്കണമെന്നാണ്. സ്വന്തം കഴിവുകളിലും ലോകത്തിന്റെ ശക്തികളിലും മാത്രം ആശ്രയിക്കാതെ, എല്ലാ കാര്യങ്ങളിലും ദൈവത്തെ വിശ്വസിച്ച് മുന്നോട്ട് പോകാൻ ഈ ഭക്തി നമ്മെ പ്രേരിപ്പിക്കുന്നു. സങ്കീർത്തകൻ പറയുന്നത്; ''പൂർണഹൃദയത്തോടെ ഞാൻ അങ്ങയെ തേടുന്നു... അങ്ങേക്കെതിരേ പാപം ചെയ്യാതിരിക്കേണ്ടതിന് ഞാൻ അങ്ങയുടെ വചനം ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു'' (സങ്കീ 119:10-11).

വിശുദ്ധ പൗലോസും ഹൃദയത്തിലെ വിശ്വാസത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു: ''മനുഷ്യൻ ഹൃദയംകൊണ്ട് വിശ്വസിക്കുകയും അതുമൂലം നീതീകരിക്കപ്പെടുകയും ചെയ്യുന്നു'' (റോമ 10:10). ഹൃദയത്തിൽ വിശ്വാസം സൂക്ഷിക്കുകയും അധരങ്ങൾ കൊണ്ട് യേശുവിനെ ഏറ്റുപറയുകയും ചെയ്യുമ്പോൾ രക്ഷാനുഭവം മനുഷ്യന് ലഭിക്കുന്നു എന്ന് പൗലോസ് പഠിപ്പിക്കുന്നു. ഈ വേദഗ്രന്ഥ പശ്ചാത്തലത്തിൽ നമുക്ക് കാണാൻ സാധിക്കുന്നത്, തിരുഹൃദയ ഭക്തി

''ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു.
എന്നാൽ, അവരുടെ ഹൃദയം എന്നിൽനിന്നു വളരെ അകലെയാണ്''. (മത്താ 15:8)

ഒരു ഭക്താനുഷ്ഠാനം മാത്രമല്ല; ദൈവവചനത്തിൽ ഹൃദയം ഉറപ്പിച്ച് ജീവിക്കുന്ന ഒരു ജീവിതശൈലിയാണ്. ദൈവസ്നേഹത്തിൽ ഉറച്ചുനിൽക്കാനും, വിശ്വാസത്തിൽ വളരാനും, കുടുംബ ജീവിതത്തിൽ സമാധാനവും സ്നേഹവും വളർത്താനും ഈ ഭക്തി നമ്മെ സഹായിക്കുന്നു എന്നതാണ്.

### തിരുഹൃദയ ഭക്തിയുടെ പ്രധാന മാർഗങ്ങൾ

തിരുഹൃദയ ഭക്തി വളർത്തുന്നതിനായി സഭ വിശ്വാസികൾക്ക് വിവിധ ഭക്തിമാർഗങ്ങൾ നിർദേശിക്കുന്നു. ഇവ വിശ്വാസജീവിതത്തെ കൂടുതൽ ആഴത്തിലാക്കുകയും ദൈവസ്നേഹത്തിൽ വളരാൻ സഹായിക്കുകയും ചെയ്യുന്നു.

തിരുഹൃദയ ഭക്തിയിലെ പ്രധാന ഘടകമാണ് വ്യക്തിഗത സമർപ്പണം. സ്വന്തം ജീവിതവും സന്തോഷങ്ങളും ദുഃഖങ്ങളും യേശുവിന്റെ തിരുഹൃദയത്തിന് സമർപ്പിച്ച് ദൈവഹിതത്തിൽ ജീവിക്കാൻ വിശ്വാസി ശ്രമിക്കുന്നു. കുടുംബ സമർപ്പണം: കുടുംബത്തെ യേശുവിന്റെ തിരുഹൃദയത്തിന് സമർപ്പിക്കുന്നതിലൂടെ ഭവനത്തെ പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഇടമാക്കുകയാണ് ലക്ഷ്യം. കുടുംബപ്രാർത്ഥനയും പരസ്പര ക്ഷമയും ഈ ഭക്തിയിലൂടെ കൂടുതൽ ശക്തമാകുന്നു. പരിഹാര പ്രാർത്ഥനകൾ: പരിഹാര പ്രാർത്ഥനകൾ വഴിയും വിശ്വാസികൾ ക്രിസ്തുവിന്റെ കരുണ തേടുന്നു. മനുഷ്യരുടെ പാപങ്ങൾക്കും തെറ്റുകൾക്കും വേണ്ടി പ്രാർത്ഥിച്ച് ദൈവസ്നേഹത്തിലേക്ക് തിരിച്ചുവരാനുള്ള മനോഭാവമാണ് ഇതിലൂടെ വളരുന്നത്.

തിരുഹൃദയ ഭക്തിയിലെ മറ്റൊരു പ്രധാന ഭാഗമാണ് ആദ്യ വെള്ളിയാഴ്ച ആചരണം. എല്ലാ മാസവും ആദ്യ വെള്ളിയാഴ്ച വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും കുമ്പസാരം നടത്തുകയും പ്രാർത്ഥനയിൽ ഏർപ്പെടുകയും ചെയ്യുന്നത് വിശ്വാസജീവിതത്തെ പുതുക്കാൻ സഹായിക്കുന്നു. ഇത് ദൈവസ്നേഹത്തോടും കൂദാശാജീവിതത്തോടും കൂടുതൽ അടുപ്പം വളർത്തുന്നു. ഇവയെല്ലാം ചേർന്നുനോക്കുമ്പോൾ, തിരുഹൃദയ ഭക്തി ഒരു പ്രകടനം മാത്രമല്ലെന്ന് മനസ്സിലാക്കാം. ദൈവത്തോടുള്ള സ്നേഹം വളർത്തുകയും, വചനാനുസരണം ജീവിക്കാനും, കൂദാശകളിൽ ആഴപ്പെട്ട വിശ്വാസജീവിതം നയിക്കാനും സഹായിക്കുന്ന ഒരു ക്രിസ്തീയ ജീവിതപാഠമാണ് ഇത്.

### സഭാപിതാക്കന്മാരുടെ തിരുഹൃദയ ചിന്തകൾ

ആദ്യകാല സഭാപിതാക്കന്മാരുടെ പഠനങ്ങളിലും ഹൃദയത്തിന്റെ വിശുദ്ധിക്ക് വലിയ പ്രാധാന്യമുണ്ട്. അലക്സാണ്ട്രിയായിലെ ക്ലെമെന്റ് മനുഷ്യന്റെ ഹൃദയം ദൈവസാന്നിധ്യം അനുഭവിക്കുന്ന ഇടമാണെന്ന് പഠിപ്പിക്കുന്നു. ഹൃദയം ദുഷ്ടചിന്തകളാലും പാപത്താലും നിറഞ്ഞിരിക്കുമ്പോൾ ആത്മീയശാന്തി നഷ്ടപ്പെടുന്നു. എന്നാൽ ദൈവചിന്ത ഹൃദയത്തെ പ്രകാശിപ്പിക്കുകയും മനുഷ്യനെ ദൈവത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. അതിനാൽ യേശുവിന്റെ തിരുഹൃദയത്തെ നോക്കുന്നത് അവിടുത്തെ സ്നേഹം ഓർക്കാനായി മാത്രമല്ല, ആ സ്നേഹത്തിലൂടെ സ്വന്തം ഹൃദയം മാറ്റപ്പെടാനുമാണ്. ഒറിജനും ഇതേ ആശയമാണ് പങ്കുവയ്ക്കുന്നത്. 'ശുദ്ധഹൃദയമുള്ളവർക്കാണ് ദൈവത്തെ കാണാൻ കഴിയുക' എന്നാണ് അദ്ദേഹത്തിന്റെ പ്രബോധനം. അതായത്, തിരുഹൃദയ ഭക്തി വെറും വികാരപരമായ ഭക്തിയല്ല; മറിച്ച് ഹൃദയശുദ്ധിയിലേക്കും ആത്മീയ നവീകരണത്തിലേക്കും നയിക്കുന്ന ഒരു ജീവിത വിളിയാണ്.

സഭാപിതാക്കന്മാർ പാപ സമ്മതത്തിനും

''നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ''. (യോഹ 14:1)

മാനസാന്തരത്തിനും വലിയ പ്രാധാന്യം നൽകി. മനുഷ്യൻ തന്റെ തെറ്റുകൾ ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് അവിടുത്തെ കരുണ തേടുമ്പോൾ ആത്മീയസൗഖ്യം ലഭിക്കുന്നു എന്ന് അവർ പഠിപ്പിച്ചു. അതുകൊണ്ട് 'പരിഹാര പ്രാർത്ഥന' എന്ന ഭക്താനുഷ്ഠാനം കുറ്റബോധത്തിൽ മാത്രം നിൽക്കുന്നതല്ല; ദൈവസ്നേഹത്തിലേക്ക് സത്യസന്ധമായി തിരിച്ചുവരാനുള്ള ആത്മീയയാത്രയാണ്. തിരുഹൃദയ ഭക്തിയുടെ അടിസ്ഥാനം കുരിശിലെ ക്രിസ്തുവിന്റെ സ്നേഹമാണ്. യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നതു പോലെ, ''പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ട് കുത്തി; ഉടനെ അതിൽനിന്ന് രക്തവും വെള്ളവും പുറപ്പെട്ടു'' (യോഹ. 19:34). സഭ ഈ സംഭവത്തെ കൂദാശകളുടെ അടയാളമായി കാണുന്നു. രക്തവും വെള്ളവും ദൈവകൃപയുടെ ഉറവിടമായാണ് മനസ്സിലാക്കപ്പെടുന്നത്. സഭാപിതാക്കന്മാരുടെ പഠനമനുസരിച്ച്, കൂദാശകളിലൂടെ ക്രിസ്തുവിന്റെ സ്നേഹം ഇന്നും വിശ്വാസികളുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നു. അതുകൊണ്ട് തിരുഹൃദയ സന്ദേശം ഒരു സ്നേഹത്തിന്റെ പ്രതീകം മാത്രമല്ല; കൂദാശകളിലൂടെ മനുഷ്യനെ ശുദ്ധീകരിക്കുകയും ദൈവത്തോട് കൂടുതൽ അടുപ്പിക്കുകയും ചെയ്യുന്ന ദൈവിക വഴിയാണ്.

### പരിശുദ്ധ പിതാക്കന്മാരുടെ തിരുഹൃദയ പ്രബോധനങ്ങൾ

സഭയുടെ പരിശുദ്ധ പിതാക്കന്മാരും തിരുഹൃദയ ഭക്തിയുടെ പ്രാധാന്യം പ്രത്യേകമായി എടുത്തുപറഞ്ഞിട്ടുണ്ട്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ നമ്മെ പഠിപ്പിച്ചത്, ''ക്രിസ്തുവിന്റെ ഹൃദയം മനുഷ്യന്റെ ദുഃഖങ്ങളെയും പ്രതീക്ഷകളെയും താങ്ങുന്ന ദൈവസ്നേഹത്തിന്റെ ഉറവിടമാണ്'' എന്നതാണ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ, തിരുഹൃദയ ഭക്തി കുടുംബങ്ങളെ ഐക്യത്തിലേക്കും സമൂഹത്തെ കരുണയിലേക്കും നയിക്കുന്ന ആത്മീയപാതയാണ്. കുടുംബങ്ങളിൽ പ്രാർത്ഥനയും ക്ഷമയും ത്യാഗവും വളരുമ്പോൾ യേശുവിന്റെ ഹൃദയം അവിടെ സജീവമാകുന്നു എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ബെനഡിക്ട് പതിനാറാമൻ പാപ്പ തിരുഹൃദയ ഭക്തിയെ ''ദൈവസ്നേഹത്തിന്റെ വിദ്യാലയം'' എന്നാണ് വിശേഷിപ്പിച്ചത്. യേശുവിന്റെ ഹൃദയം മനുഷ്യനെ സ്വാർത്ഥതയിൽ നിന്ന് മാറ്റി സേവനത്തിന്റെയും വിനയത്തിന്റെയും വഴിയിലേക്ക് നയിക്കുന്നു എന്ന് അദ്ദേഹം പഠിപ്പിച്ചു. വിശുദ്ധ കുർബാനയോടും ആരാധനയോടും ചേർന്നാണ് അദ്ദേഹം തിരുഹൃദയ ഭക്തിയെ വിശദീകരിച്ചത്. കുടുംബങ്ങൾ ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ അവർ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സാക്ഷികളായി മാറുന്നു എന്നും അദ്ദേഹം പറഞ്ഞു.

ഇന്നത്തെ സഭയെ നയിക്കുന്ന ലിയോ പതിനാലാമൻ പാപ്പയും സ്നേഹത്തിനും കരുണയ്ക്കും വലിയ പ്രാധാന്യം നൽകുന്നു. ആധുനിക ലോകത്തിലെ ഏകാന്തത, കുടുംബവിച്ഛേദം, ആത്മീയ ശൂന്യത എന്നിവയ്ക്ക് യേശുവിന്റെ തിരുഹൃദയമാണ് മരുന്നെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. കുടുംബം സ്നേഹത്തിന്റെ ആദ്യ വിദ്യാലയമാണെന്നും തിരുഹൃദയ ഭക്തി കുടുംബങ്ങളെ വീണ്ടും ദൈവത്തിലേക്കു നയിക്കുമെന്നും അദ്ദേഹം ആഹ്വാനം ചെയ്യുന്നു.

### ഉപസംഹാരം

വിശുദ്ധ കുർബാനയുടെ തിരുനാൾ കഴിഞ്ഞുള്ള 8-ാം ദിവസമായ വെള്ളിയാഴ്ചയാണ് ഈശോയുടെ തിരുഹൃദയത്തിന്റെ തിരുനാൾ കൊണ്ടാടുന്നുത്. ഈ പ്രത്യേക ദിവസം തിരഞ്ഞെടുത്തത് ഈശോ തന്നെ

''ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ,
ദൈവത്തിന്റെ മുമ്പിൽ നമുക്ക് ആത്മധൈര്യമുണ്ട്''. (1 യോഹ 3:21)




യാണെന്നു മറിയം മാർഗരറ്റ് അലക്കോക്ക് എന്ന പുണ്യവതിയുടെ വെളിപാടുകളിൽ നിന്നു വിശദമാണ്. ഫ്രാൻസിൽ പാരലെ മോണിയായിലെ വിസിറ്റേഷൻ മഠത്തിലെ ഒരംഗമായിരുന്ന ഈ സഹോദരിക്കു 1673 മുതൽ 1675 വരെ ഈശോയുടെ തിരുഹൃദയം പ്രത്യക്ഷമായി.

കേരളത്തിലെ ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര സഭകളിൽ തിരുഹൃദയ ഭക്തിക്ക് ദീർഘമായ ആത്മീയ പാരമ്പര്യമുണ്ട്. എല്ലാ വർഷവും ജൂൺ മാസം തിരുഹൃദയ മാസമായി ആചരിക്കപ്പെടുന്നു. ഈ സമയത്ത് വീടുകളിൽ വണക്കമാസവും ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും നവനാളാചരണങ്ങളും വിശുദ്ധ കുർബാനകളും ആരാധനകളും നടക്കുന്നു. ഇവ ക്രൈസ്തവ വിശ്വാസജീവിതത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു. കേരളത്തിലെ പല കുടുംബങ്ങളിലും 'കുടുംബപ്രതിഷ്ഠ' എന്ന ആചാരത്തിന് വലിയ പ്രാധാന്യമുണ്ട്. വീട്ടിൽ യേശുവിന്റെ തിരുഹൃദയ ചിത്രം സ്ഥാപിച്ച് കുടുംബത്തെ അവിടുത്തെ സ്നേഹത്തിനും സംരക്ഷണത്തിനും സമർപ്പിക്കുന്ന ഈ പ്രാർത്ഥന കുടുംബബന്ധങ്ങളെ ശക്തിപ്പെടുത്തുകയും സമാധാനവും ഐക്യവും വളർത്തുകയും ചെയ്യുന്നു.

തിരുഹൃദയ ഭക്തി കേരളസഭയുടെ ആത്മീയ പൈതൃകത്തിലെ വിലമതിക്കാനാവാത്ത സമ്പത്താണ്. യേശുവിന്റെ ഹൃദയം സ്നേഹത്തിന്റെയും കരുണയുടെയും പ്രത്യാശയുടെയും ഉറവിടമാണെന്ന് സഭയുടെ പഠനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. കുടുംബങ്ങൾ ഈ സ്നേഹത്തിന്റെ ആത്മീയ അർത്ഥം ജീവിതത്തിൽ സ്വീകരിക്കുമ്പോൾ കുടുംബങ്ങളും സമൂഹവും കൂടുതൽ നവീകരിക്കപ്പെടും. ഇന്നത്തെ മനുഷ്യരുടെ ജീവിതം മത്സരവും മാനസിക സമ്മർദ്ദവും നിറഞ്ഞതാണ്. ഈ സാഹചര്യത്തിൽ മനുഷ്യൻ അന്വേഷിക്കുന്നത് സമാധാനവും സ്നേഹവുമാണ്. തിരുഹൃദയ ഭക്തി മനുഷ്യനെ വീണ്ടും ദൈവസ്നേഹത്തിലേക്കും വിശ്വാസത്തിലേക്കും നയിക്കുന്നു. യേശുവിന്റെ ഹൃദയം നമ്മെ പഠിപ്പിക്കുന്നത് ശക്തിയാലോ അധികാരത്താലോ അല്ല, സ്നേഹത്തിലൂടെയാണ് ലോകത്തെ മാറ്റാൻ കഴിയുകയെന്ന സത്യമാണ്.

ഇന്ന് ഭവനസന്ദർശന സമയങ്ങളിൽ തിരുഹൃദയ രൂപത്തിന് മുമ്പിൽ മെഴുകുതിരി കത്തിച്ച് കുടുംബമായി പ്രാർത്ഥിക്കുന്ന മനോഹരമായ വിശ്വാസക്കാഴ്ച എനിക്ക് കാണാൻ കഴിയുന്നു. അതുപോലെ പുതുതായി വെഞ്ചിരിക്കപ്പെടുന്ന വീടുകളിൽ കുടുംബാംഗങ്ങൾ ഒന്നിച്ചുകൂടി തിരുഹൃദയ പ്രതിഷ്ഠ നടത്തുന്നതും ശ്രദ്ധേയമാണ്. ഈ നല്ല പാരമ്പര്യം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി, എല്ലാ കുടുംബങ്ങളും ജൂൺ മാസത്തിലെ തിരുഹൃദയ തിരുനാൾ ദിനത്തിൽ കുടുംബപ്രതിഷ്ഠയും പ്രത്യേക കുടുംബപ്രാർത്ഥനയും നടത്തുന്നത് വളരെ അർത്ഥവത്തായ ആത്മീയ അനുഭവമായിരിക്കും എന്നു കൂടി സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ■

**കാലത്തിന്റെ പ്രയാണത്തിൽ മറന്നുപോകാത്ത വൈദിക ശ്രേഷ്ഠർക്ക് കണ്ണൂർ രൂപതയുടെ പ്രണാമം**





**ഫാ. ടൈറ്റസ് പനക്കൽ**

ചരമ വാർഷിക ദിനം
ജൂൺ 10



**ഫാ. ജോർജ്ജ് സെബാസ്റ്റ്യൻ**

ചരമ വാർഷിക ദിനം
ജൂൺ 6



''ഞാൻ അവിടുത്തെ കരുണയിൽ ആശ്രയിക്കുന്നു;
എന്റെ ഹൃദയം അങ്ങയുടെ രക്ഷയിൽ ആനന്ദം കൊള്ളും''. (സങ്കീ 13:5)